**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :**7995** **16.07.2014** ൽ മറുപടിക്ക്

## പരമ്പരാഗത തൊഴിൽമേഖലയെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.പി.അബ്ദുൾ റസാക് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും അതേ തരത്തിലെ യന്ത്രവത്കൃത ഉൽപ്പന്നങ്ങളുടെയും വില നിലവാരത്തിൽ നില നിൽക്കുന്ന ഭീമമായ അന്തരം പരമ്പരാഗത തൊഴിലിനെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പരമ്പരാഗത കൈത്തറി മേഖലയിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും അതേ തരത്തിലുള്ള യന്ത്രവത്കൃത ഉൽപ്പന്നങ്ങളുടെയും വിലനിലവാരത്തിൽ നിലനിൽക്കുന്ന അന്തരം മൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ റിബേറ്റും പ്രൈസ് സബ്സിഡിയും കഴിവുൽ സബ്സിഡിയും ഡൈസ് & കെമിക്കൽ സബ്സിഡിയും നൽകിവരുന്നു. റിസർവേഷൻ ഓഫ് ആർട്ടിക്കിൾ ഫോർ പ്രൊഡക്ഷൻ ആക്ട് പ്രകാരം കൈത്തറിയിൽ മാത്രമേ നിർമ്മിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ള ഇനങ്ങൾ യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വാല്യൂഅഡിഷൻ നടത്തിയും നൂതന ഡിസൈനുകൾ നൽകിയും ഉൽപ്പന്നങ്ങളെ കൂടുതൽ ആകർഷകമാക്കിയും വ്യാപക പ്രചരണം നടത്തി കൈത്തറി വസ്ത്രം ഉപയോഗിക്കുന്നതിൽ ജനങ്ങളെ ആകൃഷ്ടരാക്കുന്നുണ്ട്.<br>പരമ്പരാഗത കയർമേഖലയിൽ കയർകോർപറേഷൻ ചെറുകിട ഉൽപാദക സഹകരണ സംഘങ്ങളിൽ നിന്നും സംഭരിച്ച് എക്സ്പോർട്ടർമാർക്ക് ഉൽപന്നങ്ങൾ നൽകിവരുന്നു. 100% കൈത്തറിയിലുണ്ടാക്കുന്ന കയറുൽപ്പന്നങ്ങൾ കയറ്റുമതിക്കായി എക്സ്പോർട്ടർമാർ കയർ കോർപറേഷനിൽ നിന്നും വാങ്ങുമ്പോൾ അതിന്റെ വിലയുടെ 7.5% ഡിസ്കൗണ്ട് |

അവർക്ക് നൽകുന്ന ക്രയവില സ്ഥിരതാ പദ്ധതി കയർമേഖലയിൽ വിജയകരമായി നടപ്പാക്കിവരുന്നു.

പരമ്പരാഗത കരകൗശലമേഖലയിൽ ഉൽപ്പന്നങ്ങളുടെയും അതേതരത്തിലുള്ള യന്ത്രവത്കൃത ഉൽപ്പന്നങ്ങളുടെയും വില നിലവാരത്തിൽ നിലനിൽക്കുന്ന അന്തരം പരിഹരിക്കുന്നതിനായി കരകൗശല തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ സബ്സിഡി ഇനത്തിൽ നൽകിവരുന്നു. കൂടാതെ കരകൗശലമേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ സാങ്കേതിക മികവ് ഉയർത്തുന്നതിന് ഉതകുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

ഖാദി മേഖലയിൽ വിലയിലെ അന്തരം കുറയ്ക്കുന്നതിനായി 20% റിബേറ്റ് ഇനത്തിൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാരും, 10% വിലക്കുറവ് എം.ഡി.എയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരും സഹായം നൽകി വരുന്നു. ഖാദി തൊഴിലാളികളുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ഇൻകം സപ്പോർട്ട് സ്കീമിലൂടെ സർക്കാർ ധനസഹായം നൽകുന്നു. കൂടാതെ പ്രൊഡക്ഷൻ ഇൻസെന്റീവും ഉത്സവ ബത്തയും നൽകിവരുന്നു.

(സി) 2014-15 വർഷത്തിൽ പരമ്പരാഗത (സി) തൊഴിൽ മേഖലയ്ക്ക് എന്തൊക്കെ പ്രോത്സാഹനം നൽകാനാണ് ഉദ്ദേശിക്കുന്നത്?

പരമ്പരാഗത കശുവണ്ടിമേഖലയുടെ പ്രോത്സാഹനത്തിനായി പൊതുമേഖല സ്ഥാപനമായ കേരളസംസ്ഥാനകശുവണ്ടി വികസന കോർപറേഷന് 2014-15 സാമ്പത്തിക വർഷത്തിൽ മോഡേണൈസേഷനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി 28 കോടി രൂപയും സി.ഡി.സി ബ്രാൻഡ് പ്രൊമോഷനുവേണ്ടി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിലെ സഹകരണസ്ഥാപനമായ കാപെക്സിന്റെ ഫാക്ടറികളിൽ ആധുനിക വത്കരണവും ഭാഗിക യന്ത്രവത്കരണവും നടത്തുവാനുള്ള പദ്ധതിക്കും കാപെക്സിന്റെ ബ്രാൻഡഡ് ഉൽപന്നങ്ങൾ ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും വിറ്റഴിക്കുന്നതിനായുള്ള പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത കയർമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കയർ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതമായി 11693.90 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക

വിപണനം, പ്രചരണ പരിപാടികൾ, വ്യാപാരമേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിൽപ്പനക്കുള്ള വിപണി വികസന സഹായത്തിനായും കയർ ഭൂവസ്ത്ര വികസന പരിപാടിക്കായും കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായത്തിനായും സംരഭകർക്കുള്ള മാർജിൻമണി വായ്പക്കായും കയർവ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവത്കരണത്തിനായും പരിശീലന പരിപാടികൾക്കായും ഉൽപ്പാദന വിപണന പ്രചോദനങ്ങൾക്കായും വിലവ്യതിയാനം പരിഹരിക്കുന്നതിനായും കയർ സഹകരണ സംഘങ്ങളിലെ സർക്കാർ ഓഹരി പങ്കാളിത്തത്തിനായും കയർമേഖലയിലെ ക്ലസ്റ്റർ വികസന പരിപാടികൾക്കായും കയർ ഭവൻ കെട്ടിട നിർമ്മാണത്തിനായും വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പരമ്പരാഗത കൈത്തറി മേഖലയുടെ പ്രോത്സാഹനത്തിനായി പരമ്പരാഗത കൈത്തറി വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും അവ ന്യായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഹാന്റക്സ്, ഹാൻവീവ് , പ്രൈമറി കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് മാർക്കെറ്റിങ് ഇൻസെന്റീവും നൽകിവരുന്നു.കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി നൽകുകയും ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനായി സഹായം നൽകുകയും ചെയ്തുവരുന്നു. ഉത്സവകാലങ്ങളോട് അനുബന്ധിച്ച് ജില്ലകൾ തോറും പ്രദർശനങ്ങൾ , വിൽപനമേളകൾ എന്നിവ സംഘടിപ്പിക്കുകയും കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വ്യപക പ്രചരണം നടത്തുകയും ചെയ്യുന്നു.കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു. കൈത്തറി നെയ്ത്തുകാർക്ക് സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുന്നു.നെയത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു. ഇൻകം സപ്പോർട്ട്

സ്കീം നടപ്പിലാക്കുന്നു. ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നെയത്തുകാരേയും അനുബന്ധ തൊഴിലാളികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

പരമ്പരാഗത കരകൗശലമേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെയും സുരഭിയുടേയും വികസനത്തിനായി നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ എക്സിബിഷനുകൾ നടത്തുക, ഹെൽത്ത് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുക, പ്രാഥമിക സംഘങ്ങളുടെ പണിപ്പുര പുതുക്കി പണിയുക, പുതിയ മെഷീനറികൾ സ്ഥാപിക്കുക ട്രെയ്നിങ് നൽകുക എന്നിവയാണ് മുഖ്യമായും ഉദ്ദേശിക്കുന്നത്. കാഡ്കോയുടെ പരിധിയിൽ വരുന്ന ആർട്ടിസാൻമാരുടെ ഉന്നമനം ലക്ഷ്യമിട്ട് ആർട്ടിസാൻവനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സർക്കാർ ധനസഹായത്തോടെ വിവിധ ജില്ലകളിൽ നടത്തിവരുന്നുണ്ട്. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശല തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിച്ച് പുതുമയാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഖാദിമേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ പരമ്പരാഗത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സംരഭകർക്ക് സാമ്പത്തികസഹായം വിതരണം ചെയ്യുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ